**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3579** **05-08-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത ഖനനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അനധികൃത ഖനനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പരാതികൾ അതാത് ജില്ലാ ഓഫീസുകൾ മുഖേന അന്വേഷണം നടത്തി നിയമലംഘനം, അനധികൃത ഖനനം എന്നിവ കണ്ടെത്തുന്ന പക്ഷം നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഉചിതമായ നടപടി സ്വീകരിച്ച് പരാതിക്കാരനെ വിവരമറിയിക്കുന്നു. |
| (ബി) | അനധികൃത ഖനനങ്ങൾ തടയുന്നതിനു വേണ്ടി ഏർപ്പെടുത്തിയ ജില്ലാതല-പ്രാദേശികതല സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അനധികൃത ഖനനങ്ങൾ തടയുന്നതിനുവേണ്ടി മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും ജില്ലാതല-പ്രാദേശികതല സമിതികൾ ഒന്നും രൂപീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമാണ് അനധികൃത ഖനനങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ജില്ലാതല-ഡിവിഷണൽതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അനധികൃത ഖനനവും ധാതുക്കളുടെ അനധികൃത ഗതാഗതവും തടയുന്നതിനായി മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ 3 സ്കോഡുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ലൈസൻസ് അനുമതി കാലഹരണപ്പെട്ട ശേഷം ഖനനം നടക്കുന്ന ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) | ഖനന ലൈസൻസുകൾ അനുവദിക്കുന്നതിന് മുമ്പായി ഖനനവുമായി ബന്ധപ്പെട്ട് മൈനിംഗ് പ്ലാനും ഖനനാനുമതി അവസാനിക്കുന്നതിന്റെ ഒരു വർഷം മുമ്പ് Mine Closure Plan ഉം തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഖനന ലൈസൻസിന്റെ കാലാവധി അവസാനിക്കുമ്പോൾ Mine Closure Plan -ലെ വ്യവസ്ഥകൾ പാലിച്ചില്ലായെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒടുക്കിയിട്ടുള്ള തുക സർക്കാരിലേക്ക് കണ്ടു് കെട്ടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല ഖനനാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടും ഖനനം തുടരുന്നതായി കണ്ടെത്തിയാൽ 2015 ലെ Kerala Minor Mineral Concession Rules ചട്ടം 108(2) മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ